# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3070 10.05.2017 - ൽ മറുപടിക്ക്

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാന ആരോഗ്യ വകുപ്പിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ട്; ഗ്രേഡ്/ജില്ല തിരിച്ച് വിശദാംശം നൽകുമോ; | എ) | ആകെ 3617 തസ്തികകളാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിലായി നിലവിലുള്ളത്. ഈ വിഭാഗങ്ങൾ തമ്മിലുള്ള അനുപാതം സംസ്ഥാനതലത്തിൽ 1:1 എന്ന നിലയിലാണ് നിലനിർത്തുന്നത്. ഈ അനുപാതം ജില്ലാതലത്തിൽ പാലിക്കാൻ സാങ്കേതിക കാരണങ്ങളാൽ കഴിയാറില്ല. |
| ബി) | നിലവിൽ ഗ്രേഡ് II തസ്തികയിൽ പ്രവർത്തിക്കുന്ന ജെ.എച്ച്.ഐ.മാർ എത്ര പേർ ജില്ലാതല നിയമന ചട്ടങ്ങൾ മറികടന്ന് വിവിധ നിയമനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | ബി) | ഗ്രേഡ് 2 തസ്തികയിൽ പ്രവർത്തിക്കുന്ന ജെ.എച്ച്.ഐ-മാർ ജില്ലാതല നിയമന ചട്ടങ്ങൾ മറികടന്ന് നിയമനങ്ങൾ വാങ്ങിയിട്ടില്ല. അന്തർജില്ലാ സ്ഥലംമാറ്റം ഒഴിവുകൾ, ഓരോ ജില്ലയിലും വരുന്ന ഒഴിവുകളുടെ പത്ത് ശതമാനം വീതമാണ് അനുവദിക്കുന്നത്. കൂടാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ജില്ലാന്തര സ്ഥലംമാറ്റം നൽകുമ്പോൾ തസ്തികയിൽ ജൂനിയർ മോസ്റ്റ് ആയിട്ടാണ് നിയമനം നൽകുന്നത്.<br><br>അന്യത്ര സേവനത്തിലായിരിക്കുകയും തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത രണ്ട് ജെ.എച്ച്.ഐ ഗ്രേഡ് 2-മാർ ഡി.ആർ.ബി ജില്ലയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ താൽക്കാലികമായി ഒഴിവുള്ള ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. ഡി.ആർ.ബി ജില്ലകളിൽ ഒഴിവു വരുന്ന മുറയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതാണ്.<br><br>ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുകയും എന്നാൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ എറണാകുളം, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ നിയമിക്കപ്പെട്ട ഒൻപത് ജെ.എച്ച്.ഐ ഗ്രേഡ് 2-മാർ തൃശ്ശൂർ ജില്ലയിലെ ഒഴിവിൽ നിയമനം കാത്ത് നിൽക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ജില്ലാതല നിയമന ചട്ടങ്ങൾ മറികടന്ന് പ്രവർത്തിക്കുന്ന മുഴുവൻ ജെ.എച്ച്.ഐ.മാരുടെയും സീനിയോറിറ്റി പുനർ ക്രമീകരിച്ച് മാത്രം സ്ഥാനക്കയറ്റം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | സി) | അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ഉൾപ്പെടെയുള്ള ജീവനക്കാർ ജൂനിയർ മോസ്റ്റ് ആയിട്ടാണ് പുതിയ ജില്ലയിൽ പ്രവേശിക്കുന്നത്. ആയതിനാൽ സീനിയോറിറ്റി പുനഃക്രമീകരിച്ചാണ് സ്ഥാനകയറ്റം നൽകുന്നത്. |
| ഡി) | മെഡിക്കൽ വിദ്യഭ്യാസ വകുപ്പിൽ അനർഹമായി നിയമനം തരപ്പെടുത്തിയവരെ തിരിച്ചയക്കാൻ ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ജെ. എച്ച്. ഐ. മാരുടെ കാര്യത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജെ.എച്ച്.ഐ തസ്തികയിൽ ആർക്കും അനർഹമായി നിയമനം നൽകിയിട്ടില്ല. ദ്വിഭരണ സമ്പ്രദായം നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ച നിയമന ഉത്തരവുകളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ